**മധുരമായ കുട്ടികളേ- തന്റെ സുരക്ഷിതത്വത്തിനുവേണ്ടി വികാരങ്ങളാകുന്ന മായയുടെ വലയിൽ നിന്നും സദാ രക്ഷപ്പെടണം, ദേഹാഭിമാനത്തിലേയ്ക്ക് ഒരിയ്ക്കലും വരരുത്.**

**ചോദ്യം-** പുണ്യാത്മാവായി മാറുന്നതിനായി ബാബ മുഴുവൻ കുട്ടികൾക്കും ഏതൊരു മുഖ്യമായ ശിക്ഷണമാണ് നൽകുന്നത്?
**ഉത്തരം-** ബാബ പറയുന്നു- കുട്ടികളേ, പുണ്യാത്മാവായി മാറണമെങ്കിൽ 1. ശ്രീമതത്തിലൂടെ സദാ നടന്നുകൊണ്ടിരിക്കൂ. ഓർമ്മയുടെ യാത്രയിൽ അശ്രദ്ധരാവരുത്. 2. ആത്മാഭിമാനിയായി മാറുന്നതിനായി പരിപൂർണ്ണ പുരുഷാർത്ഥം ചെയ്ത് കാമമാകുന്ന മഹാശത്രുവിനുമേൽ വിജയം പ്രാപ്തമാക്കണം. പുണ്യാത്മാവായി മാറി ഈ ദുഃഖധാമത്തിൽ നിന്നും സുഖധാമത്തിലേയ്ക്ക് പോകുന്നതിനുള്ള സമയം ഇതുതന്നെയാണ്.

**ഓം ശാന്തി.** ബാബ തന്നെയാണ് ദിവസവും കുട്ടികളോട് ചോദിക്കുന്നത്. ശിവബാബയെ കുട്ടികൾ ഉള്ളവൻ എന്ന് പറയില്ല. ആത്മാക്കൾ അനാദിയാണ്. ബാബയും അനാദിയാണ്. ഈ സമയത്ത് ബാബയും ദാദയും ഒരുമിച്ചുള്ളപ്പോഴാണ് കുട്ടികളെ സംരക്ഷിക്കുന്നത്. എത്ര കുട്ടികളാണ് അവരെയെല്ലാം സംരക്ഷിക്കണം. ഓരോരുത്തരുടേയും കണക്ക് നോക്കണം. എങ്ങനെയാണോ ലൗകിക പിതാവിന് ചിന്തയുള്ളത്. നമ്മുടെ കുട്ടിയും ഈ ബ്രാഹ്മണ കുലത്തിൽ വന്നാൽ നല്ലതാണ് എന്ന് കരുതുന്നു. നമ്മുടെ കുട്ടിയും പവിത്രമായി പവിത്ര ലോകത്തിലേയ്ക്ക് പോകണം. മായയുടെ ഈ പഴയ തോട്ടിൽ ഒഴുകിപ്പോകരുത്. പരിധിയില്ലാത്ത അച്ഛനും കുട്ടികളുടെ ചിന്തയുണ്ട്. എത്ര സെന്ററുകളുണ്ട്, ഏത് കുട്ടിയെ എവിടേയ്ക്ക് അയച്ചാൽ സുരക്ഷിതമായിരിക്കും. ഇന്നുകാലത്ത് സുരക്ഷിതത്വവും ബുദ്ധിമുട്ടാണ്. ലോകത്തിൽ ഒരു സുരക്ഷിതത്വവുമില്ല. സ്വർഗ്ഗത്തിലാണെങ്കിൽ എല്ലാം സുരക്ഷിതമായിരിക്കും. ഇവിടെയാണെങ്കിൽ ആർക്കും സേഫ്റ്റിയില്ല. എങ്ങനെയെങ്കിലും വികാരമാകുന്ന മായയുടെ വലയിൽ കുടുങ്ങിപ്പോകുന്നു. ഇപ്പോൾ നിങ്ങൾ ആത്മാക്കൾക്ക് ഇവിടെ പഠിപ്പ് ലഭിക്കുകയാണ്. സത്യവുമായുള്ള സംഗവും ഇവിടെയാണ്. ദുഃഖധാമത്തിൽ നിന്നും ഉപരിയായി സുഖധാമത്തിലേയ്ക്ക് പോകണം എന്തുകൊണ്ടെന്നാൽ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കി ദുഃഖധാമം എന്താണ്, സുഖധാമം എന്താണ് എന്നുള്ളത്. ഇപ്പോൾ ദുഃഖധാമമാണ്. നമ്മൾ വളരെ അധികം പാപം ചെയ്തിട്ടുണ്ട് എന്നാൽ അവിടെ പുണ്യാത്മാക്കളാണ് വസിക്കുന്നത്. നമുക്ക് ഇപ്പോൾ പുണ്യാത്മാവായി മാറണം. ഇപ്പോൾ നിങ്ങൾ ഓരോരുത്തരും തന്റെ 84 ജന്മങ്ങളുടെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കി. ലോകത്തിലെ ആർക്കും 84 ജന്മങ്ങളുടെ ചരിത്രവും ഭൂമിശാസ്ത്രവും അറിയില്ല. ഇപ്പോൾ ബാബയാണ് വന്ന് മുഴുവൻ ജീവിതകഥയും പറഞ്ഞുതന്നത്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമുക്ക് ഓർമ്മയുടെ യാത്രയിലൂടെ പൂർണ്ണമായും പുണ്യാത്മാവായി മാറണം. ഇതിലാണ് വളരെ അധികം പേർക്ക് ചതി പറ്റുന്നത് അതും അശ്രദ്ധകാരണമാണ്. ബാബ പറയുന്നു ഈ സമയത്ത് അശ്രദ്ധ നല്ലതല്ല. ശ്രീമത്തിലൂടെ നടക്കണം. അതിലും മുഖ്യമായ കാര്യം പറയുന്നു ഒന്നാമത് ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ, രണ്ടാമത് മഹാശത്രുവായ കാമത്തിനുമേൽ വിജയം നേടൂ. ബാബയെ എല്ലാവരും വിളിക്കുന്നു എന്തുകൊണ്ടെന്നാൽ ബാബയിലൂടെ ആത്മാക്കൾക്ക് ശാന്തിയുടേയും സുഖത്തിന്റേയും സമ്പത്ത് ലഭിക്കുന്നു. മുമ്പ് ദേഹാഭിമാനത്തിലായിരുന്നതിനാൽ ഒന്നും അറിയില്ലായിരുന്നു. ഇപ്പോൾ കുട്ടികളെ ആത്മാഭിമാനിയാക്കി മാറ്റുകയാണ്. പുതിയവർക്ക് ഒന്ന് പരിധിയുള്ള അച്ഛൻ, രണ്ടാമത് പരിധിയില്ലാത്ത അച്ഛൻ ഇരുവരുടേയും പരിചയം നൽകണം. പരിധിയില്ലാത്ത അച്ഛനിൽ നിന്നും സ്വർഗ്ഗം ലഭിക്കുന്നു. പരിധിയുള്ള അച്ഛനിൽ നിന്നും നരകമാണ് ലഭിക്കുന്നത്. കുട്ടി എപ്പോൾ പ്രായപൂർത്തിയാവുന്നുവോ അപ്പോൾ സമ്പത്തിന് അധികാരിയാവുന്നു. എപ്പോൾ വിവരം വെയ്ക്കുന്നോ അപ്പോൾ പതുക്കെ പതുക്കെ മായയുടെ അധീനതയിലാവുന്നു. അതെല്ലാം രാവണ രാജ്യത്തിലെ ആചാര അനുഷ്ഠാനങ്ങളാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ ലോകം മാറുകയാണ്. ഈ പഴയ ലോകത്തിന്റെ വിനാശം ഉണ്ടാവുകയാണ്. ഒരു ഗീതയിൽ മാത്രമാണ് വിനാശത്തിന്റെ വർണ്ണനയുള്ളത് ബാക്കി ഒരു ശാസ്ത്രത്തിലും മഹാഭാരത യുദ്ധത്തിന്റെ വർണ്ണനയില്ല. ഗീതയുടെ പുരുഷോത്തമ സംഗമയുഗം ഇതുതന്നെയാണ്. ഗീതയുടെ യുഗം അർത്ഥം ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന. ഗീത ദേവീ ദേവതാ ധർമ്മത്തിന്റെ ശാസ്ത്രമാണ്. അതിനാൽ ഇത് ഗീതയുടെ യുഗമാണ്, ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുകയാണ്. മനുഷ്യർക്കും മാറണം. മനുഷ്യനിൽ നിന്നും ദേവതയാവണം. പുതിയ ലോകത്തിൽ തീർച്ചയായും ദൈവീക ഗുണങ്ങളുള്ള മനുഷ്യർ ആവശ്യമാണല്ലോ. ഈ കാര്യങ്ങൾ ലോകർക്ക് അറിയില്ല. അവർ കല്പത്തിന് വളരെ അധികം സമയം നൽകി. ഇപ്പോൾ നിങ്ങൾ

കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തരുകയാണ്– നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബയാണ് നമ്മെ പഠിപ്പിക്കുന്നത്. കൃഷ്ണനെ ഒരിയ്ക്കലും അച്ഛൻ, ടീച്ചർ, സദ്ഗുരു എന്ന് പറയുകയില്ല. കൃഷ്ണൻ ടീച്ചറാണെങ്കിൽ എവിടെ നിന്ന് പഠിച്ചു? അവരെ ജ്ഞാനസാഗരൻ എന്ന് പറയാൻ കഴിയില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ വലിയ വലിയ ആളുകൾക്ക് മനസ്സിലാക്കിക്കൊടുക്കണം, സേവനത്തിന്റെ വൃദ്ധി എങ്ങനെയുണ്ടാകും എന്നതിൽ എല്ലാവരും ഒരുമിച്ച് ചർച്ച ചെയ്യണം അഭിപ്രായം ചോദിക്കണം. വിമാനമാർഗ്ഗമുള്ള സേവനം എങ്ങനെ ചെയ്യാം. ബ്രഹ്മാകുമാരികളെക്കുറിച്ച് ഇത്രയും ബഹളം വെയ്ക്കുന്നവർ അവസാനം മനസ്സിലാക്കും ഇത് സത്യമാണെന്ന്. ബാക്കി ലോകം മുഴുവൻ അസത്യമാണ് അതിനാൽ സത്യത്തിന്റെ തോണിയെ ആട്ടിക്കൊണ്ടിരിക്കും. കൊടുങ്കാറ്റ് വരുന്നുണ്ടല്ലോ. നിങ്ങൾ അക്കരെയെത്തുന്ന തോണികളാണ്. നിങ്ങൾക്ക് അറിയാം നമുക്ക് ഈ മായാവീ ലോകത്തിൽ നിന്നും അക്കരെയെത്തണം. ഏറ്റവും ആദ്യം വരുന്ന നമ്പർവൺ കൊടുങ്കാറ്റ് ദേഹാഭിമാനമാണ്. ഇതാണ് ഏറ്റവും മോശം. ഇതാണ് എല്ലാവരേയും പതിതമാക്കി മാറ്റിയത്. അതിനാലാണ് ബാബ പറയുന്നത് കാമം മഹാശത്രുവാണ്. ഇത് വളരെ വേഗതയുള്ള കൊടുങ്കാറ്റാണ്. ചിലർ ഇതിൽ വിജയം നേടിയവരുമാണ്. ഗൃഹസ്ഥവ്യവഹാരത്തിൽ പോയവരാണ് എന്നിട്ടും രക്ഷപ്പെടുന്നതിനായി പരിശ്രമിക്കുന്നു. കുമാരീ– കുമാരന്മാർക്ക് വളരെ സഹജമാണ് അതിനാലാണ് കണ്ണൻ എന്ന പേര് പാടപ്പെട്ടിട്ടുള്ളത്. ഇത്രയും കന്യകമാർ തീർച്ചയായും ശിവബാബയുടേതായിരിക്കും. ദേഹധാരിയായ കൃഷ്ണന് ഇത്രയും കന്യകമാർ ഉണ്ടാവുകയില്ല. ഇപ്പോൾ നിങ്ങൾ ഈ പഠിപ്പിലൂടെ മഹാറാണിയാവുകയാണ്, ഇതിൽ മുഖ്യമായും പവിത്രത ആവശ്യമാണ്. ഓർമ്മയുടെ ചാർട്ട് ശരിയാണോ? എന്ന് സ്വയം നോക്കണം. ബാബയുടെ പക്കൽ ചിലരുടെ 5 മണിക്കൂർ, ചിലരുടെ 2–3 മണിക്കൂർ എന്നിങ്ങനെയുള്ള ചാർട്ടുകൾ വരുന്നു. ചിലരാണെങ്കിൽ എഴുതുന്നേയില്ല. വളരെ കുറച്ചേ ഓർമ്മിക്കുന്നുള്ളു. എല്ലാവരുടേയും യാത്ര ഒരുപ്പോലെയാവില്ല. അനേകം കുട്ടികൾ അഭിവൃദ്ധി നേടുന്നുണ്ട്. ഓരോരുത്തരും തന്റെ ചാർട്ട് നോക്കണം– ഞാൻ ഏതുവരെ പദവി നേടും? എത്രത്തോളം സന്തോഷമുണ്ട്? എന്തുകൊണ്ട് നമുക്ക് സദാ സന്തോഷത്തിൽ ഇരുന്നുകൂടാ. കാരണം ഉയർന്നതിലും ഉയർന്ന ബാബയുടേതായി ഇപ്പോൾ മാറിയിരിക്കുന്നു. ഡ്രാമ അനുസരിച്ച് നിങ്ങൾ ഒരുപാട് ഭക്തി ചെയ്തിട്ടുണ്ട്. ഭക്തർക്ക് ഫലം നൽകുന്നതിനായി ബാബ വന്നിരിക്കുന്നു. രാവണ രാജ്യത്തിൽ വികർമ്മം സംഭവിക്കുക തന്നെ ചെയ്യും. സതോപ്രധാനമായ ലോകത്തിലേയ്ക്ക് പോകുന്നതിനായി നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നു. ആരാണോ പൂർണ്ണമായും പുരുഷാർത്ഥം ചെയ്യാത്തത് അവർ സതോയിൽ വരും. എല്ലാവരും ഇത്രയും ജ്ഞാനം എടുക്കില്ല. സന്ദേശം തീർച്ചയായും കേൾക്കും. പിന്നീട് എവിടെ വേണമെങ്കിലും ഉണ്ടാകും അതിനാലാണ് ഓരോ കോണുകോണുകളിലും പോകണം എന്ന് പറയുന്നത്. വിദേശത്തേയ്ക്കും മിഷൻ പോകണം. എങ്ങനെയാണോ ബൗദ്ധികളുടേയും ക്രിസ്ത്യൻസിന്റേയും മിഷനറികൾ ഇവിടെയുള്ളത് . മറ്റു ധർമ്മങ്ങളിലുള്ളവരെ തന്റെ ധർമ്മത്തിലേയ്ക്ക് കൊണ്ടുവരാനുള്ളതാണ് മിഷനറികൾ. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു യഥാർത്ഥത്തിൽ നമ്മൾ ദേവീ ദേവതാ ധർമ്മത്തിലേതായിരുന്നു. ഇപ്പോൾ ഹിന്ദു ധർമ്മത്തിലേതായി മാറി. നിങ്ങളുടെ അടുത്തേയ്ക്ക് കൂടുതലും ഹിന്ദു ധർമ്മത്തിലുള്ളവരാണ് വരുക. അതിലും ആരാണോ ശിവന്റെ, ദേവതകളുടെ പൂജാരികൾ അവർ വരും. എങ്ങനെയാണോ ബാബ പറഞ്ഞത്– രാജാക്കന്മാരുടെ സേവനം ചെയ്യൂ. അവർ സാധാരണയായി ദേവതകളുടെ പൂജാരികളാണ്. അവരുടെ വീട്ടിൽ ക്ഷേത്രമുണ്ടാകും. അവരുടേയും മംഗളം ചെയ്യണം. നിങ്ങളും മനസ്സിലാക്കൂ നമ്മൾ ബാബയോടൊപ്പം ദൂരദേശത്തുനിന്നും വന്നതാണ്. ബാബ വന്നിരിക്കുന്നത് പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യാനാണ്. നിങ്ങളും ചെയ്യുകയാണ്. ആരാണോ സ്ഥാപന ചെയ്യുന്നത് അവർ പാലനയും ചെയ്യും. ഉള്ളിൽ ലഹരിയുണ്ടായിരിക്കണം– നമ്മൾ ശിവബാബയോടൊപ്പം വന്നിരിക്കുകയാണ് ദൈവീക രാജ്യത്തിന്റെ സ്ഥാപന ചെയ്യാൻ, മുഴുവൻ ലോകത്തേയും സ്വർഗ്ഗമാക്കി മാറ്റാൻ. ആശ്ചര്യം തോന്നും ഈ ലോകത്തിൽ എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പൂജ എങ്ങനെ ചെയ്യുന്നു. നവരാത്രിയിൽ ദേവിമാരുടെ പൂജ നടക്കാറുണ്ടല്ലോ. രാത്രിയുണ്ടെങ്കിൽ പകലും ഉണ്ടാകും. നിങ്ങളുടെ ഒരു ഗീതവും ഉണ്ടല്ലോ– എന്ത് അത്ഭുതമാണ് കണ്ടത്......... മണ്ണുകൊണ്ടുള്ള മൂർത്തിയെ ഉണ്ടാക്കി, അലങ്കരിച്ച് അതിന്റെ പൂജ ചെയ്യുന്നു, അതിനോട് അത്രയും സ്നേഹമുണ്ടാകും പിന്നീട് അതിനെ ഒഴുക്കിവിടുമ്പോൾ കരച്ചിൽ വരുന്നു. മനുഷ്യർ മരിക്കുമ്പോൾ ശവമഞ്ചത്തേയും കൊണ്ടുപോകുന്നു. ഹരി ഹരി എന്നു പറഞ്ഞ് മുക്കിക്കളയുന്നു. വളരെ അധികം പേർ പോകുന്നുണ്ടല്ലോ. നദി എപ്പോഴും ഉണ്ട്. നിങ്ങൾക്ക് അറിയാം ഈ യമുനാ തീരത്തായിരുന്നു അവിടെ രാസ ലീല കളിച്ചിരുന്നത്. അവിടെ വലിയ വലിയ കൊട്ടാരങ്ങളുണ്ടായിരുന്നു. നിങ്ങൾക്കു തന്നെയാണ് പോയി ഉണ്ടാക്കേണ്ടത്. ആരെങ്കിലും വലിയ പരീക്ഷകൾ പാസായാൽ അപ്പോൾ അവരുടെ ബുദ്ധിയിലുണ്ടാകും– പാസായി പിന്നീട് ഇത് ചെയ്യണം, വീട് ഉണ്ടാക്കണം. നിങ്ങൾ കുട്ടികൾക്കും ചിന്തിക്കണം– ഞാൻ ദേവതയായി മാറും. ഇപ്പോൾ നമ്മൾ നമ്മുടെ വീട്ടിലേയ്ക്ക് പോവുകയാണ്. അവിടെയാണ് ജനിച്ചത്. നമ്മൾ ആത്മാക്കളുടെ വീട് മൂലവതനമാണ്. എത്ര സന്തോഷം

ഉണ്ടാകുന്നു. മനുഷ്യർ ഇത്രയും ഭക്തി ചെയ്യുന്നത് മുക്തിയ്ക്കു വേണ്ടിയാണ്. പക്ഷേ ഡ്രാമയിലെ പാർട്ട് ഇങ്ങനെയാണ് ആരും തിരിച്ച് പോകുന്നില്ല. നിങ്ങൾക്ക് അറിയാം അവർക്ക് അര കല്പം തീർച്ചയായും പാർട്ട് അഭിനയിക്കണം. നമ്മുടെ 84 ജന്മം ഇപ്പോൾ പൂർത്തിയായി. ഇപ്പോൾ തിരിച്ചു പോകണം പിന്നീട് രാജധാനിയിലേയ്ക്ക് വരും. വീടും രാജധാനിയും മാത്രമേ ഓർമ്മയുള്ളു. ഇവിടെ ഇരിക്കുമ്പോൾ ചിലർക്ക് തന്റെ ജോലി കാര്യങ്ങളെക്കുറിച്ചാണ് ഓർമ്മ. ബിർളയെ നോക്കൂ, എത്ര അധികം കച്ചവടമാണ് അവർക്ക്. മുഴുവൻ ദിവസവും അവർ ചിന്തിക്കുന്നുണ്ടാവുമായിരിക്കും. അവരോട് ബാബയെ ഓർമ്മിക്കു എന്നു പറഞ്ഞാൽ അവർക്ക് എത്ര ബുദ്ധിമുട്ടായി തോന്നും. മിനിറ്റിന് മിനിറ്റിന് ജോലി ഓർമ്മവരും. ഏറ്റവും എളുപ്പം മാതാക്കൾക്കാണ് അതിലും എളുപ്പം കന്യകമാർക്കാണ്. ജീവിച്ചിരിക്കെ മരിക്കണം, മുഴുവൻ ലോകത്തേയും മറക്കണം. നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ശിവബാബയുടേതായി മാറി യിരിക്കുന്നു, ഇതിനെയാണ് ജീവിച്ചിരിക്കെ മരിക്കുക എന്ന് പറയുന്നത്. ദേഹ സഹിതം ദേഹത്തിന്റെ മുഴു വൻ സംബന്ധങ്ങളേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ശിവബാബയുടേതായി മാറ ണം. ശിവബാബയെത്തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കണം എന്തുകൊണ്ടെന്നാൽ പാപങ്ങളുടെ ഭാരം തല യിൽ വളരെ അധികമുണ്ട്. എനിക്ക് ജീവിച്ചിരിക്കെ മരിച്ച് ശിവബാബയുടേതായി മാറണം എന്ന് എല്ലാ വർക്കും ആഗ്രഹം ഉണ്ടാകും. ശരീരത്തിന്റെ അഭിമാനം ഉണ്ടാകരുത്. നാം അശരീരിയായാണ് വന്നത് അശരീരിയായിത്തന്നെ പോകണം. ബാബയുടേതായി മാറിയെങ്കിൽ പിന്നെ ബാബയെ അല്ലാതെ മറ്റാ രെയും ഓർമ്മയുണ്ടാവരുത്. എത്രയും പെട്ടെന്ന് ഇങ്ങനെയായാൽ യുദ്ധവും വേഗം ആരംഭിക്കും. ബാബ എത്ര മനസ്സിലാക്കിത്തരുന്നു നമ്മൾ ശിവബാബയുടേതല്ലേ. നമ്മൾ അവിടെ വസിക്കുന്നവരാണ്. ഇവിടെ യാണെങ്കിൽ എത്ര ദുഃഖമാണ്. ഇപ്പോൾ ഇത് അന്തിമ ജന്മമാണ്. ബാബ പറഞ്ഞിട്ടുണ്ട് നിങ്ങൾ സതോപ്ര ധാനമായിരുന്നപ്പോൾ ബാക്കി ആരും ഉണ്ടായിരുന്നില്ല. നിങ്ങൾ എത്ര ധനികരായിരുന്നു. തീർച്ചയായും ഈ സമയത്ത് പൈസ കക്കയാണ് എങ്കിലും ഇതൊന്നും ഒന്നുമല്ല. കക്കകളാണ്. ഇതെല്ലാം അല്പകാല സുഖത്തിനായുള്ളതാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– മുമ്പ് ദാന പുണ്യങ്ങൾ ചെയ്താൽ ഒരുപാട് ധനം ലഭിക്കും. വീണ്ടും ദാനം ചെയ്യുന്നു. പക്ഷേ ഇത് ഒരു ജന്മത്തിലെ കാര്യമാണ്. ഇവിടെയാണെങ്കിൽ ജന്മ ജന്മാന്തരങ്ങളിലേയ്ക്ക് ധനികനായി മാറുന്നു. എത്ര കൂടുതൽ കണക്കുണ്ടോ അത്രയും അധികം ദുഃഖവും അനുഭവിക്കണം. ആർക്കാണോ വളരെ അധികം ധനമുള്ളത് അവർ കൂടുതൽ കുടുങ്ങിയിരി ക്കുകയാണ്. ഒരിയ്ക്കലും നിൽക്കാൻ കഴിയില്ല. പാവപ്പെട്ട സാധാരണ ആളുകളെ സമർപ്പണമാവുകയു ള്ളു. ധനികർ ഒരിയ്ക്കലും ആവില്ല. അവർ സമ്പാദിക്കുന്നത് പേരമക്കൾക്കുവേണ്ടിയാണ് തന്റെ കുലം മുന്നോട്ടുപോകണം എന്ന് കരുതുന്നു. സ്വയം ആ വീട്ടിൽ വരില്ല. പേരമക്കൾ വരണം, അവർ നല്ല കർമ്മം ചെയ്തിട്ടുണ്ട്. ആരാണോ വളരെ അധികം ദാനപുണ്യങ്ങൾ ചെയ്യുന്നത് അവർ രാജാവാകും. പക്ഷേ സദാ ആരോഗ്യവാൻ ആയിരിക്കില്ല. രാജധാനിയുണ്ട് എന്നതിൽ എന്ത് കാര്യം, അവിനാശിയായ സുഖമി ല്ലല്ലോ. ഇവിടെ ഓരോ ചുവടിലും അനേക പ്രകാരത്തിലുള്ള ദുഃഖമുണ്ട്. അവിടെ ഈ ദുഃഖങ്ങളെല്ലാം ദൂരെയാവുന്നു. ഞങ്ങളുടെ ദുഃഖങ്ങളെ ദൂരെയാക്കൂ എന്ന് പറഞ്ഞാണ് ബാബയെ വിളിക്കുന്നത്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് മുഴുവൻ ദുഃഖവും ദൂരെയാവുകയാണ്. ബാബയെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ മാത്രം മതി. ബാബയിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും സമ്പത്ത് ലഭിക്കില്ല. ബാബ മുഴുവൻ വിശ്വത്തിന്റേയും ദുഃഖത്തെ ദൂരെയാക്കുന്നു. ഈ സമയത്ത് മൃഗങ്ങൾ പോലും എത്ര ദുഃഖത്തിലാണ്. ഇത് ദുഃഖധാമമാണ്. ദുഃഖം വർദ്ധിച്ചുകൊണ്ടിരിക്കുന്നു, തമോപ്രധാനത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നമ്മൾ സംഗമ യുഗത്തിലാണ് ഇരിക്കുന്നത്. അവർ എല്ലാവരും കലിയുഗത്തിലാണ്. ഇത് പുരുഷോത്തമ സംഗമയുഗമാ ണ്. ബാബ നമ്മെ പുരുഷോത്തമരാക്കി മാറ്റുകയാണ്. ഇത് ഓർമ്മയുണ്ടെങ്കിലും സന്തോഷം ഉണ്ടാകും. ഭഗവാൻ പഠിപ്പിക്കുകയാണ്, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ഇത് നന്നായി ഓർമ്മിക്കൂ. ഭഗ വാന്റെ കുട്ടികൾ പഠിപ്പിലൂടെ ഭഗവാൻ ഭഗവതിയായി മാറണ്ടേ. ഭഗവാൻ സുഖം നൽകുന്നുണ്ടെങ്കിൽ എങ്കിൽ പിന്നെ ദുഃഖം എങ്ങനെയാണ് ലഭിക്കുന്നത്? അതും ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. ഭഗവാന്റെ കുട്ടികൾ പിന്നെങ്ങിനെയാണ് ദുഃഖിയാവുന്നത്, ഭഗവാൻ ദുഃഖ ഹർത്താവും സുഖ കർത്താവു മാണ് എന്നാൽ കുട്ടികൾ ദുഃഖത്തിലേയ്ക്ക് വരുന്നുണ്ട് അതിനാലാണ് പാടുന്നത്. നിങ്ങൾക്ക് അറിയാം ബാബ നമ്മെ രാജയോഗം പഠിപ്പിക്കുകയാണ്. നാം പുരുഷാർത്ഥം ചെയ്യുകയാണ്. ഇതിൽ സംശയം ഉണ്ടാവുമോ. നമ്മൾ ബി.കെ. രാജയോഗം പഠിക്കുകയാണ്. അസത്യം പറയുമോ. ആർക്കെങ്കിലും ഈ സംശയം വന്നാൽ മനസ്സിലാക്കിക്കൊടുക്കണം, ഇത് പഠിപ്പാണ്. വിനാശം മുന്നിൽ നിൽക്കുന്നുണ്ട്. നമ്മൾ സംഗമയുഗീ ബ്രാഹ്മണർ കുടുമിയാണ്. പ്രജാപിതാ ബ്രഹ്മാവുണ്ടെങ്കിൽ തീർച്ചയായും ബ്രാഹ്മണരും ഉണ്ടാകണം. നിങ്ങൾക്കും മനസ്സിലാക്കിത്തന്നിട്ടുണ്ട് അപ്പോഴാണ് നിശ്ചയം വന്നത്. ബാക്കിയുള്ള മുഖ്യ മായ കാര്യം ഓർമ്മയുടെ യാത്രയാണ്, ഇതിൽത്തന്നെയാണ് വിഘ്നം ഉണ്ടാകുന്നത്. തന്റെ ചാർട്ട് നോക്കി ക്കൊണ്ടിരിക്കൂ– എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട്, എത്രത്തോളം സന്തോഷത്തിന്റെ അതിര് കടക്കുന്നുണ്ട്? നമുക്ക് പതിത പാവനനായ ഭഗവാന്റെ കൂട്ട് ലഭിച്ചിരിക്കുന്നു, നമ്മൾ ബ്രഹ്മാവിലൂടെ ശിവ

ബാബയുമായി ഹാൻഡ് ഷേക്ക് ചെയ്യുന്നു  എന്നിങ്ങനെയുള്ള ആന്തരീകമായ സന്തോഷത്തിൽ ഇരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള  മുഖ്യസാരം-

1). തന്റെ വീടിനേയും രാജധാനിയേയും ഓർമ്മിച്ച് അളവറ്റ സന്തോഷത്തിൽ ഇരിക്കണം. സദാ ഓർമ്മവേണം- ഇപ്പോൾ നമ്മുടെ യാത്ര പൂർത്തിയായി, നമ്മൾ നമ്മുടെ വീട്ടിലേയ്ക്ക് പോവുകയാണ്, പിന്നീട് രാജധാനിയിലേയ്ക്ക് വരും.

2). നമ്മൾ ബ്രഹ്മാവിലൂടെ ശിവബാബയുമായി ഹാൻഡ് ഷേക്ക് ചെയ്യുകയാണ്,  ആ ഭഗവാൻ നമ്മെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുകയാണ്. നമ്മൾ ഈ പഠിപ്പിലൂടെ സ്വർഗ്ഗത്തിലെ മഹാറാണിയാവും- ഈ ആന്തരീക സന്തോഷത്തിൽ ഇരിക്കണം.

## വരദാനം:- മൂന്ന് പ്രകാരത്തിലെയും വിജയത്തിന്റെ മെഡൽ പ്രാപ്തമാക്കുന്ന സദാ വിജയിയായി  ഭവിക്കട്ടെ.

വിജയമാലയിൽ നമ്പർ പ്രാപ്തമാക്കുന്നതിനായി ആദ്യം സ്വയത്തിനുമേൽ വിജയി, പിന്നീട് സർവരുടെയും മേൽ വിജയി, പിന്നെ പ്രകൃതിയുടെ മേൽ വിജയിയും ആകൂ. ഈ മൂന്ന് പ്രകാരത്തിലെയും വിജയത്തിന്റെ മെഡൽ പ്രാപ്തമാകുമ്പോഴാണ് വിജയമാലയിലെ മുത്താകാൻ കഴിയുന്നത്. സ്വയത്തിനുമേൽ വിജയിയാകുന്നതിന്റെ അർത്ഥമാണ് തന്റെ വ്യർത്ഥ ഭാവ സ്വഭാവം  ശ്രേഷ്ഠ ഭാവവും ശുഭഭാവനയുമായി പരിവർത്തനം ചെയ്യുക. ആരാണോ സ്വയത്തിനുമേൽ വിജയിയാകുന്നത്  അവരാണ് മറ്റുള്ളവരുടെമേൽ  വിജയം പ്രാപ്തമാക്കുന്നത്. പ്രകൃതിയുടെ മേൽ വിജയം പ്രാപ്തമാക്കുന്നതിന്റെ അർത്ഥമാണ് വായുമണ്ഡലത്തിന്റെയും, വൈബ്രേഷന്റെയും  സ്തൂല പ്രകൃതിയുടെയും സമസ്യകൾക്ക് മേൽ വിജയി ആകുക.

## സ്ലോഗൻ:- സ്വയത്തിന്റെ കർമ്മേന്ദ്രിയങ്ങളുടെമേൽ പൂർണ്ണമായി രാജ്യം ഭരിക്കുന്നവരാണ് സത്യമായ  രാജയോഗികൾ.

**അവ്യക്ത സൂചന- സഹജയോഗി ആകണമെങ്കിൽ പരമാത്മ സ്നേഹത്തിന്റെ അനുഭവി ആകൂ.** കുട്ടികളായ നിങ്ങൾക്ക്  ജ്ഞാനത്തിനോടൊപ്പം സത്യമായ  ആത്മീയ സ്നേഹം കിട്ടി. ആ ആത്മീയ സ്നേഹമാണ് പ്രഭുവിന്റേത് ആക്കിയത്.ഓരോ കുട്ടിയ്ക്കുംഡബിൾ സ്നേഹം കിട്ടി  ഒന്ന് ബാബയുടേത് രണ്ടാമത്തേത് ദൈവീക പരിവാരത്തിന്റെ. സ്നേഹത്തിന്റെ അനുഭവം ശലഭം ആക്കി. സ്നേഹമാണ് കാന്തത്തിന്റെ ജോലി ചെയ്യുന്നത്. പിന്നീട് കേൾക്കാനും മരിക്കാനും തയ്യാറാകുന്നു. സംഗമത്തിൽ ആരാണോ സ്നേഹത്തിൽ ജീവിച്ചിരുന്നും മരിക്കുന്നത് അവരാണ് സ്വർഗ്ഗത്തിലേക്ക് പോകുന്നത്.